## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 244

20.6.2013- ൽ
മറുപടിക്ക്

### തൊണ്ടു സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>,, വർക്കല കഹാർ<br>,, ബെന്നി ബെഹനാൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊണ്ടുസംഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൊണ്ടു സംഭരണ പദ്ധതി പരിഷ്ക്കരിക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. 16/01/2012 ൽ സ.ഉ. (കൈ) നം. 5/12/വ്യവ നമ്പർ പ്രകാരം തൊണ്ട് സംഭരണ പദ്ധതിയുടെ നിയമാവലി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 16/01/2010 ലെ സ.ഉ. (കൈ) 15/10/വ്യവ നമ്പർ പ്രകാരം നാളികേര തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയപ്പോൾ ഫീൽഡ് തലത്തിൽ ഉണ്ടായ പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്താണ് ഈ നിയമാവലി പരിഷ്കരിച്ച് ഉത്തരവായത്. നിലവിലുണ്ടായിരുന്ന ഇൻസെന്റീവുകളും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുകയും ആനുകൂല്യം മറ്റുമേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും കമ്മറ്റിയുടെ ഘടനകളിൽ മാറ്റം വരുത്തുകയും ചെയ്തുകൊണ്ടാണ് 16.01.2012-ലെ ഉത്തരവ് പരിഷ്ക്കരിച്ചത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | സി) ഡീഫൈബറിംഗ് സംഘങ്ങൾ, ചകിരി ഉൽപ്പാദന യൂണിറ്റുകൾ, കയർ പിരി സംഘങ്ങൾ, കൺസോർഷ്യങ്ങൾ, ആക്റ്റിവിറ്റി ഗ്രൂപ്പ് അംഗങ്ങൾ,സ്വയം സഹായ സംഘങ്ങൾ, കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾ/വ്യക്തികൾ തുടങ്ങിയവർ തൊണ്ടു സംഭര |

| | |
|---|---|
| | ണവുമായി ബന്ധപ്പെട്ട വരും ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന സീനിയർ , ലെവൽ ഉദ്യോഗസ്ഥൻ ചെയർമാനായി പ്രോജക്റ്റതല തൊണ്ടു സംഭരണ മോണിറ്ററിംഗ് കമ്മറ്റിയും കയർ പ്രോജക്ട് അസിസ്റ്റന്റ് രജിസ്ട്രാർ ചെയർമാനായി തൊണ്ടുസംഭരണ കൺ-<br><br>സോർഷ്യം കമ്മറ്റികളും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് എല്ലാ പ്രോജക്ട് ഓഫീസുകൾക്ക് കീഴിലുമായി 36 തൊണ്ടു സംഭരണ കൺസോർഷ്യ-ങ്ങൾരൂപീകരിച്ചിട്ടുണ്ട്.ടി കൺസോർഷ്യ-ങ്ങൾക്കു 5.00 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ടായി നൽകിയിരുന്നു. കടത്തുകൂലി (വാഹന വാടകയുടെ) 50% ഗ്രാന്റ്, തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്. കൺസോർഷ്യ-ത്തിലെ സൂപ്പർവൈസർ, പ്യൂൺ എന്നിവർക്ക് ഓണറേറിയം എന്നിവയും തൊണ്ടുസംഭരണത്തിനുള്ള ഇൻസെന്റീവ് പച്ചത്തൊണ്ടിന് 15 പൈസയും , ഉണക്കത്തൊണ്ടിന് 10 പൈ-പൈസയും നൽകൽ. തൊണ്ടു സംഭരിക്കുന്ന വ്യക്തിക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി 150/- രൂപ ദിനബത്ത ഇവയൊക്കെ ഈ പദ്ധതി പ്രകാരം നൽകി വരുന്നുണ്ട്. ഈ തൊണ്ടു സംഭരണ പദ്ധതി പ്രകാരം ഇതുവരെ ഏകദേശം 3.6<br><br>കോടി തൊണ്ട് സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ